സൂറഃ-7

# അൽ അഅ്റാഫ്

وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ ﴿٢٠٤﴾

وَٱذْكُر رَّبَّكَ فِى نَفْسِكَ تَضَرُّعًا وَخِيفَةً وَدُونَ ٱلْجَهْرِ مِنَ ٱلْقَوْلِ بِٱلْغُدُوِّ
وَٱلْءَاصَالِ وَلَا تَكُن مِّنَ ٱلْغَٰفِلِينَ ﴿٢٠٥﴾

إِنَّ ٱلَّذِينَ عِندَ رَبِّكَ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِۦ وَيُسَبِّحُونَهُۥ وَلَهُۥ
يَسْجُدُونَ ۩ ﴿٢٠٦﴾

**204.** ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ അത് സശ്രദ്ധം കേൾക്കുവിൻ. നിശ്ശബ്ദരായിരിക്കുവിൻ; നിങ്ങൾ അനുഗൃഹീതരാവാൻ.

**205.** രാവിലെയും വൈകുന്നേരവും അത്യന്തം വണക്കത്തോടും ഭയഭക്തിയോടും കൂടി നിന്റെ നാഥനെ മനസ്സിൽ സ്മരിച്ചുകൊണ്ടിരിക്കുക; ഉച്ചത്തിലല്ലാത്ത വാക്കുകളിൽ. അക്കാര്യത്തിൽ നീ അശ്രദ്ധനായിക്കൂടാ.

**206.** നിന്റെ നാഥന്റെ സന്നിധിയിലുള്ളവർ ഗർവിഷ്ടരായി അവന്ന് ഇബാദത്ത് ചെയ്യാൻ മടിക്കുന്നില്ല. സദാ അവനെ വാഴ്ത്തിക്കൊണ്ടും അവന്റെ മുമ്പിൽ പ്രണാമം ചെയ്തുകൊണ്ടുമിരിക്കുകയാണവർ.

وَإِذَا قُرِئَ = പാരായണം ചെയ്യപ്പെടുമ്പോൾ ٱلْقُرْءَانُ = ഖുർആൻ فَٱسْتَمِعُوا۟ لَهُۥ = അത് നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുവിൻ

وَأَنصِتُوا۟ = നിശ്ശബ്ദരാവുകയും ചെയ്യുവിൻ لَعَلَّكُمْ تُرْحَمُونَ = നിങ്ങൾ കരുണ ചെയ്യപ്പെടാൻ (അനുഗൃഹീതരാവാൻ)

وَٱذْكُر = നീ സ്മരിക്കുക رَّبَّكَ = നിന്റെ നാഥനെ فِى نَفْسِكَ = നിന്റെ മനസ്സിൽ

تَضَرُّعًا = (അത്യന്തം) വണക്കത്തോടെ وَخِيفَةً = ഭയഭക്തിയോടെയും وَدُونَ ٱلْجَهْرِ = ഉച്ചത്തിലല്ലാ(ത്ത)തെയും

مِنَ ٱلْقَوْلِ = വാക്കിനാൽ(ക്കുകളിൽ) بِٱلْغُدُوِّ = രാവിലെ وَٱلْءَاصَالِ = വൈകുന്നേരങ്ങളിലും

وَلَا تَكُن = (അക്കാര്യത്തിൽ) നീ ആയിക്കൂടാ مِّنَ ٱلْغَٰفِلِينَ = അശ്രദ്ധ(ൻ)രിൽ പെട്ടവൻ

إِنَّ ٱلَّذِينَ عِندَ رَبِّكَ = നിന്റെ നാഥന്റെയടുത്ത് (സന്നിധിയിൽ) ഉള്ളവർ

لَا يَسْتَكْبِرُونَ = അവർ ഗർവിഷ്ടരാകുന്നില്ല (രായി മടിക്കുന്നില്ല) عَنْ عِبَادَتِهِۦ = അവന്ന് ഇബാദത്ത് ചെ(യ്യാൻ)യ്യുന്നതിൽനിന്ന്

وَيُسَبِّحُونَهُۥ = അവർ (സദാ) അവനെ വാഴ്ത്തിക്കൊണ്ടിരിക്കുന്നു

وَلَهُۥ يَسْجُدُونَ = അവർ അവന്(ന്റെ മുമ്പിൽ) പ്രണാമം ചെയ്തുകൊണ്ടുമിരിക്കുന്നു

**204:** ഖുർആൻ ജ്ഞാനപ്രകാശവും ഉൾക്കാഴ്ചയുമായി പ്രയോജനപ്പെടാൻ അതിനെ എങ്ങനെ സമീപിക്കണമെന്ന് വ്യക്തമാക്കുകയാണിവിടെ. ഒരു കാരണവശാലും ഖുർആൻ കേൾക്കാൻ തയാറാവാതിരിക്കുക എന്നതായിരുന്നു അന്ധമായി നിഷേധിക്കുന്നവരുടെ നിലപാട്. എപ്പോഴെങ്കിലും ഖുർആൻ കേൾക്കാനിടയായാൽ അപശബ്ദങ്ങളുണ്ടാക്കി അതിനെ മുക്കിക്കളയണം എന്നായിരുന്നു അവർ ആളുകൾക്ക് നൽകിയ നിർദേശം. لَا تَسْمَعُوا۟ لِهَٰذَا ٱلْقُرْءَانِ وَٱلْغَوْا۟ فِيهِ لَعَلَّكُمْ تَغْلِبُونَ (ഈ ഖുർആൻ കേട്ടുപോകരുത്. കേൾക്കാനിടയായാൽ അവിടെ ബഹളം കൂട്ടുക. നിങ്ങൾ വിജയിച്ചേക്കും- 41:26). ഇതല്ല ശരിയായ രീതി. മറിച്ച് ഖുർആൻ പാരായണം ചെയ്യുമ്പോൾ നിശ്ശബ്ദരായി അതു ശ്രദ്ധിച്ചുകേൾക്കുകയാണ് വേണ്ടത്. അതുൾക്കൊള്ളുന്ന ആശയങ്ങളെക്കുറിച്ചും അതിന്റെ സൗന്ദര്യത്തെക്കുറിച്ചും ജീവിതത്തിന് അതു നൽകുന്ന വെളിച്ചത്തെക്കുറിച്ചും ചിന്തിച്ചുനോക്കുക. എങ്കിൽ ഈ വചനങ്ങൾ നിങ്ങളെ വഞ്ചിക്കാനോ നാട്ടിൽ കുഴപ്പമുണ്ടാക്കാനോ വേണ്ടി മുഹമ്മദ് സ്വയം കെട്ടിച്ചമച്ചതല്ലെന്നും നിങ്ങളുടെ ജീവിതം സംസ്കരിക്കുന്നതിനുവേണ്ടി അല്ലാഹു അവതരിപ്പിച്ച കാരുണ്യമാണതെന്നും ബോധ്യമാകും. അങ്ങനെ അതിനെ അംഗീകരിക്കുകയും അനുസരിക്കുകയുമാണെങ്കിൽ തീർച്ചയായും നിങ്ങൾ അനുഗൃഹീതരായിത്തീരുകയും ചെയ്യും.

ഖുർആൻ പാരായണം ചെയ്യുമ്പോൾ നിശ്ശബ്ദരായി

അത് ശ്രദ്ധിച്ചുകേൾക്കുക എന്നത് അവിശ്വാസികളോടു മാത്രമുള്ള ഉപദേശമല്ല, മുസ്‌ലിംകളോടുള്ള വിധികൂടിയാണ്. എന്തെങ്കിലും ജോലിയിലോ സംസാരത്തിലോ നിരതരായിരിക്കുമ്പോൾ എവിടെനിന്നെങ്കിലും ഖുർആൻ പാരായണം കേൾക്കാനിടയായാൽ ജോലിയും സംസാരവുമൊക്കെ നിർത്തിവെച്ച് അത് ശ്രദ്ധിക്കൽ നിർബന്ധമാണ് എന്ന് ഇതിനർഥമില്ല. ഏർപ്പെട്ട കാര്യത്തിന് തടസ്സമാകാത്ത വിധത്തിൽ ശ്രദ്ധിച്ചാൽ മതിയാകും. എന്നാൽ ഖുർആൻ പാരായണസദസ്സിൽ ഹാജരായവർ അതു ശ്രദ്ധിക്കാതെ മറ്റു കാര്യങ്ങളിലേർപ്പെടുന്നത് ഖുർആനിനോടുള്ള മര്യാദകേടാണ്. ഖുർആൻ പാരായണം കേട്ടാൽ മറ്റു പ്രതിബന്ധങ്ങളില്ലെങ്കിൽ ആദരപൂർവം അതു ശ്രദ്ധിക്കുകയും അതിന്റെ ആശയങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക ഖുർആനിലുള്ള വിശ്വാസത്തിന്റെ താൽപര്യമാകുന്നു.

നമസ്കാരത്തിൽ ഇമാമിനു പിന്നിൽ മഅ്മൂം ഖുർആൻ പാരായണം ചെയ്യാൻ പാടില്ല എന്നതിന് തെളിവായി ഈ സൂക്തം ചില കർമശാസ്ത്ര പണ്ഡിതന്മാർ ഉന്നയിച്ചിട്ടുണ്ട്. സൂക്തത്തിന്റെ സന്ദർഭവുമായി യോജിക്കാത്ത ഒരു നിയമനിർധാരണമാണത്. ഈ പൊരുത്തക്കേട് ഒഴിവാക്കാൻ ചിലർ സൂക്തത്തിന്റെ അവതരണ പശ്ചാത്തലമായി ഒരു നിവേദനം ഉദ്ധരിച്ചിരിക്കുന്നു. നബി(സ) മദീനയിൽ ജമാഅത്തായി നമസ്കരിക്കുമ്പോൾ പിന്നിലുണ്ടായിരുന്ന ഒരു മഅ്മൂം തിരുമേനിയോടൊപ്പം ഖുർആൻ പാരായണം ചെയ്തതിനെ തുടർന്നാണീ സൂക്തം അവതരിച്ചതെന്നാണ് നിവേദനം. മദീനയിൽ അത്തരം സംഭവങ്ങളുണ്ടായിട്ടുണ്ടെങ്കിലും അതിനെ തുടർന്നാണ് ഈ സൂക്തം അവതരിച്ചത് എന്ന വാദം സ്ഥിരപ്പെട്ടതല്ല. സൂക്തം മക്കയിൽ അവതരിച്ചതാണ് എന്ന അഭിപ്രായമാണ് കൂടുതൽ പ്രബലം. മക്കയിലാവട്ടെ നമസ്കാരത്തിന് വ്യവസ്ഥാപിതമായ ജമാഅത്ത് സമ്പ്രദായം നിലവിൽവന്നിരുന്നില്ല.

ഇമാമിന്റെ പിന്നിൽ മഅ്മൂം ഖുർആൻ പാരായണം ചെയ്യുന്നതു സംബന്ധിച്ച് ഫുഖഹാഇനിടയിൽ മൂന്ന് അഭിപ്രായമുണ്ട്: 1) ഒരവസരത്തിലും (ഇമാം ഉറക്കെ ഖുർആൻ പാരായണം ചെയ്യുന്ന ജഹ്‌രിയായ നമസ്കാരത്തിലും സ്വകാര്യമായി ഖുർആൻ പാരായണം ചെയ്യുന്ന സിർരിയായ നമസ്കാരത്തിലും) മഅ്മൂം ഖുർആൻ പാരായണം ചെയ്യാൻ പാടില്ല. ഹനഫികളുടേതാണ് ഈ വീക്ഷണം. പ്രകൃത സൂക്തത്തിന്റെ ബാഹ്യാർഥമാണവരുടെ മുഖ്യപ്രമാണം. കൂടാതെ ചില നിവേദനങ്ങളുമുണ്ട്. പ്രവാചകൻ പ്രസ്താവിച്ചതായി അബൂഹുറയ്റ ഉദ്ധരിക്കുന്നു: 'പിന്തുടരപ്പെടുന്നതിനു വേണ്ടി മാത്രമാകുന്നു ഇമാം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങൾ തക്ബീർ ചൊല്ലുക. ഖുർആൻ പാരായണം ചെയ്യുമ്പോൾ നിശ്ശബ്ദരായിരിക്കുക.' പ്രവാചകനിൽനിന്ന് ജാബിർ(റ) ഉദ്ധരിക്കുന്നു: 'ഒരാൾക്ക് ഇമാം ഉണ്ടെങ്കിൽ, ഇമാമിന്റെ ഖുർആൻ പാരായണം അയാളുടെയും ഖുർആൻ പാരായണമാകുന്നു.' 2) ഇമാം സ്വകാര്യമായി ഓതുമ്പോൾ മഅ്മൂമിനും സ്വകാര്യമായി ഓതാം. ഇമാം ഉച്ചത്തിൽ ഓതുമ്പോൾ മഅ്മൂം ഓതിക്കൂടാ. മാലികി-ഹമ്പലി മദ്ഹബുകളുടേതാണ് ഈ വീക്ഷണം. നബി(സ)യുടെ പിന്നിൽ നമസ്കരിക്കുമ്പോൾ അദ്ദേഹത്തോടൊപ്പം ഖുർആൻ പാരായണം ചെയ്ത ശിഷ്യന്മാരെ അതിൽനിന്ന് വിലക്കിയതായി പറയുന്ന ധാരാളം ഹദീസുകളുണ്ട്. അവയാണ് ഇക്കൂട്ടരുടെ പ്രമാണം. നബി(സ) വിലക്കിയത് ഖുർആൻ സൂക്തങ്ങൾ ഇമാമിനോടൊപ്പം മഅ്മൂമുകളും ഓതി ആർക്കും ആരുടെയും ഓത്ത് കേൾക്കാതാവുന്നതിനെയാണ്. ഇമാം സ്വകാര്യമായി ഓതുമ്പോൾ മഅ്മൂമുകളും സ്വകാര്യമായി ഓതുന്നതിന് ഈ വിലക്ക് ബാധകമാകുന്നില്ല. 3) നമസ്കാരം സിർരിയാവട്ടെ, ജഹ്‌രിയാവട്ടെ; ഇമാമാവട്ടെ, മഅ്മൂമാവട്ടെ നമസ്കരിക്കുന്നവർ ഫാതിഹ പാരായണം ചെയ്യൽ നിർബന്ധമാണ്. ശാഫിഈ മദ്ഹബിന്റെ വീക്ഷണമാണിത്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിട്ടുള്ള 'ഫാതിഹതുൽ കിതാബ് ഓതാത്തവന് നമസ്കാരമില്ല' എന്ന ഹദീസാണ് അവരുടെ പ്രമാണം.

മൂന്നു വീക്ഷണങ്ങൾക്കുമുള്ള യഥാർഥ തെളിവുകൾ ഹദീസുകളാണ്. പ്രകൃത ഖുർആൻ സൂക്തം അതിന്റെ സന്ദർഭത്തിൽ വായിക്കുമ്പോൾ ഇതിൽ ഏതെങ്കിലും വീക്ഷണത്തെ പിന്തുണക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നില്ല എന്നതാണ് വാസ്തവം. അഥവാ ഈ സൂക്തം ആരെയെങ്കിലും പിന്തുണക്കുന്നുവെന്ന് വെക്കുകയാണെങ്കിൽ അത് മാലികി-ഹമ്പലി മദ്ഹബുകളെയാണ്. ശ്രദ്ധിച്ചു കേൾക്കൽ - استماع - പ്രസക്തമാകുന്നത് ഇമാം ഉറക്കെ ഓതുമ്പോഴാണ്. നിശ്ശബ്ദ പാരായണം കേൾക്കാനും ശ്രദ്ധിക്കാനും കഴിയില്ല. അതിനാൽ ഇമാം ഉറക്കെ ഓതുമ്പോൾ അതു ശ്രദ്ധിക്കുകയും, ഇമാമിനെ കേൾക്കാനാവാത്തപ്പോൾ സ്വകാര്യമായി സ്വയം ഓതുകയും ചെയ്യുക എന്ന നിലപാടാണ് യുക്തിസഹമായിട്ടുള്ളതും.

**205:** എന്റെ രക്ഷിതാവ് അല്ലാഹുവാണെന്ന് പ്രവാചകൻ 196-ാം സൂക്തത്തിൽ പറയുന്നുണ്ട്. അനന്തരം 200-ാം സൂക്തത്തിൽ, പൈശാചിക പ്രകോപനങ്ങളുണ്ടാകുമ്പോൾ അല്ലാഹുവിൽ ശരണം തേടണമെന്ന് കൽപിക്കപ്പെട്ടിരിക്കുന്നു. ഈ ശരണം തേടൽ, തെറ്റുകൾ ചെയ്താൽ ഉടനെ അതേക്കുറിച്ച് ബോധവാന്മാരാവുകയും അല്ലാഹുവിനെ ഓർക്കുകയും ശരിയായ മാർഗം സ്വയം കണ്ടെത്തുകയുമാണെന്ന് 201-ാം സൂക്തത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ദൈവസ്മരണയുടെ രീതി സൂചിപ്പിച്ചിരിക്കുകയാണ് ഈ സൂക്തത്തിൽ. മൂന്ന് നിർദേശങ്ങളാണി തുൾക്കൊള്ളുന്നത്: 1) സ്മരണ മനസ്സിൽ ഉണ്ടായിരിക്കണം. ذكر-ൽനിന്നുള്ള കൽപനക്രിയയാണ് اذكر. സ്മരിക്കുക എന്നും പറയൽ എന്നും ജപിക്കൽ എന്നും ذكر-ന് അർഥമുണ്ട്. പറയുക, ജപിക്കുക എന്ന അർഥത്തിൽ ذكر -നെ എടുത്ത ചിലർ അതിനെ വായ കൊണ്ടുള്ള ഉരുവിടലായി കരുതുന്നു. ആളുകൾ ഒത്തുകൂടി അല്ലാഹുവിന്റെ സ്തുതിവചനങ്ങൾ തുടർച്ചയായി വിളിച്ചുകൂവുന്ന ഒരു സമ്പ്രദായവും അതിൽനിന്നുണ്ടായി വന്നിരിക്കുന്നു. മറ്റു മതവിഭാഗങ്ങളിൽ കാണപ്പെടുന്ന ധ്യാനോത്സവത്തിന്റെയും ഭജനോത്സവത്തിന്റെയുമൊക്കെ അനുകരണമാണിത്. പ്രവാചകവര്യന്റെ കാലത്ത് ഇങ്ങനെയുള്ള ദിക്റ് ഹൽഖകളോ ദുആ സമ്മേളനങ്ങളോ ഉണ്ടായിരുന്നില്ല. ദിക്റിനെ മനസ്സിൽ - فى نفسه - എന്ന് ക്ലിപ്തപ്പെടുത്തിക്കൊണ്ട് ഖുർആൻ ഈ സമ്പ്രദായത്തെ നിരാകരിച്ചിരിക്കുകയാണ്. ദിക്റ് നാവുകൊണ്ട് പാടില്ല എന്നല്ല. ചില ദിക്റുകൾ നാവുകൊണ്ട് തന്നെയാണ് ചെയ്യേണ്ടത്. അപ്പോൾ മനസ്സിലും ദിക്റ് ഉണ്ടായിരിക്കണം. മനസ്സിൽ ഇല്ലാതെ നാവുകൊണ്ട് എത്ര ഉച്ചത്തിൽ ദിക്റെടുത്തിട്ടും കാര്യമില്ല. മനസ്സിൽ ذكر ഉള്ളവൻ നാവുകൊണ്ട് ചൊല്ലിയില്ലെങ്കിലും ദിക്റ് ചൊല്ലുന്നവൻ - ذاكر - ആകുന്നു. 2) അല്ലാഹുവിനോടുള്ള അദമ്യമായ വണക്കത്തോടും ഭയഭക്തിയോടും കൂടിയായിരിക്കണം ദിക്റ് ചെയ്യുന്നത്. ഈ വണക്കവും ഭയഭക്തിയുമാണ് ദിക്റിനെ ആരാധനയാക്കുന്നത്. അതില്ലെങ്കിൽ ദിക്റ് മനുഷ്യൻ മറ്റു പല സംഗതികൾ ഓർമിക്കുന്നതുപോലുള്ള ഓർമ മാത്രമാകുന്നു. വണക്കത്തോടും ഭയഭക്തിയോടും കൂടിയ ദൈവസ്മരണക്കു മാത്രമേ സ്മരിക്കുന്നവന്റെ ജീവിതത്തെ സ്വാധീനിക്കാനും സംസ്കരിക്കാനും കഴിയൂ. 3) ഉച്ചത്തിലല്ലാതിരിക്കുക. ഒരിക്കലും ഉറക്കെ ദിക്റ് ചൊല്ലാൻ പാടില്ല എന്ന് ഇതിനർഥമില്ല. دُونَ الْجَهْرِ (ഉച്ചത്തിലല്ലാതെ) എന്ന വാക്ക് താൽപര്യപ്പെടുന്നത് ഉച്ചസ്ഥായിക്കും നിശ്ശബ്ദതക്കും ഇടക്കുള്ള അവസ്ഥയാണ്. ഉച്ചത്തിൽ വേണ്ടാ എന്നു വെച്ച് തീരെ രഹസ്യമാക്കണമെന്നുമില്ല എന്നാണ് വിവക്ഷ. അതായത് കൂട്ടംകൂടി അലറിയും

ആർത്തുവിളിച്ചും ദിക്ൎ ചൊല്ലേണ്ട മനസ്സ് ഭക്തിനിർഭരമാകും വണ്ണം രഹസ്യമായോ പതിഞ്ഞ ശബ്ദത്തിലോ ആണ് ചൊല്ലേണ്ടത്. 4) ദിക്റിന് നൈരന്തര്യമുണ്ടായിരിക്കുക. വല്ലപ്പോഴും തോന്നുമ്പോൾ മാത്രം ഉണ്ടായിരിക്കേണ്ടതല്ല മനുഷ്യമനസ്സിൽ ദൈവസ്മരണ. അത് ഏതവസരത്തിലും ഉണ്ടായിരിക്കണം. നമസ്കാരാദി ആരാധനകളിൽ മാത്രം സ്മരിക്കാനുള്ളതല്ല മുത്തഖികൾക്ക് അല്ലാഹു. അനുഷ്ഠാനങ്ങൾ കഴിഞ്ഞാലും അവർ അല്ലാഹുവിന്റെ കൂടെ തന്നെയായിരിക്കും. നമസ്കാരം കഴിഞ്ഞാൽ പിരിഞ്ഞുപോയി അവനവന്റെ ജീവിതായോധന കർമങ്ങളിൽ വ്യാപൃതരാകാം. അപ്പോഴും അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കണം.

فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ وَٱذْكُرُوا۟ ٱللَّهَ كَثِيرًا

(നമസ്കാരം കഴിഞ്ഞാൽ ഭൂമിയിൽ വ്യാപരിച്ച് അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊള്ളുവിൻ. അപ്പോഴും അല്ലാഹുവിനെ അധികമധികം സ്മരിച്ചുകൊണ്ടിരിക്കണം–62:10). اصيل ന്റെ ബഹുവചനമാണ് ٱلْأَصَالِ. സന്ധ്യാസമയമാണ് اصيل. മധ്യാഹ്നം പിന്നിട്ടാൽ اصيل തുടങ്ങുകയായി. ളുഹ്റിനും അസ്വ്റിനും ഇടക്കുള്ള സമയത്തിനും اصيل എന്നുപറയും. ഇവിടെ പ്രദോഷ സമയങ്ങൾകൊണ്ട് ഉച്ചമുതൽ ഇശാഅ് വരെയുള്ള സമയമാണുദ്ദേശ്യം. ഉച്ചവരെയുള്ളത് പ്രഭാതവും – غدو. ദിവസം മുഴുവൻ അല്ലെങ്കിൽ സദാസമയവും എന്നാണ് بِٱلْغُدُوِّ وَٱلْأَصَالِ –ന്റെ വിവക്ഷ.

**206:** നിന്റെ നാഥന്റെ സന്നിധിയിലുള്ളവർ– ٱلَّذِينَ عِندَ رَبِّكَ – എന്നതുകൊണ്ടുദ്ദേശ്യം മലക്കുകളാണ്. സദാ സമയവും വണക്കത്തോടും ഭയഭക്തിയോടും കൂടി അല്ലാഹുവിനെ സ്മരിക്കുന്നതിന്റെ മഹത്വം വ്യക്തമാക്കിയിരിക്കുകയാണീ സമാപന സൂക്തത്തിൽ. അല്ലാഹുവിനെ ഭയഭക്തിയോടെ സ്മരിക്കുകയും അവന്റെ വിധിവിലക്കുകൾ അനുസരിക്കുകയും ചെയ്യുകയാണ് അല്ലാഹുവിനുള്ള ഇബാദത്ത്– അടിമപ്പെടൽ. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച മലക്കുകളും ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്. അല്ലാഹുവിനെ ഏതു നേരവും സ്മരിക്കുന്ന മനുഷ്യർ വസിക്കുന്നത് ഭൂമിയിലാണെങ്കിലും അവരുടെ ബന്ധം വാനലോകത്തെ പരിശുദ്ധരായ മലക്കുകളോടാണ്. അവരെപ്പോലെ ഏതുനേരവും അല്ലാഹുവിനെ സ്മരിക്കുകയും അവന് പ്രണാമമർപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരാണ് മലക്കുകൾ. അതിനാൽ ദൈവസ്മരണയെ നിസ്സാരമായി കാണരുത്. മണ്ണിലെ മനുഷ്യർക്ക് വിണ്ണിലെ മാലാഖമാരുടെ പദവിയിലേക്ക് കയറിപ്പോകാനുള്ള ഉപാധിയാണത്. മലക്കുകളെ ആരാധിക്കുന്ന ബഹുദൈവവിശ്വാസികൾക്കുനേരെ ഒരു വിമർശനവും ഇതുൾക്കൊള്ളുന്നുണ്ട്. മലക്കുകൾ നിങ്ങളുടെ ഭാഗധേയം ഏറ്റെടുത്തിരിക്കുന്നുവെന്നാണ് നിങ്ങളുടെ വിശ്വാസം. അവരുടെ ശിപാർശകൊണ്ട് അല്ലാഹുവിങ്കൽ രക്ഷപ്പെട്ടുകളയാമെന്ന് അഹങ്കരിക്കുകയാണ് നിങ്ങൾ. എന്നാൽ ഈ മലക്കുകൾ അവരുടെ ഭാഗധേയം പോലും ഏറ്റെടുത്തിട്ടില്ല. അവർ സ്വയം അല്ലാഹുവിനു സമർപ്പിച്ചവരാണ്. അവന്നടിമപ്പെട്ടുകൊണ്ട് സദാ അവനെ വാഴ്ത്തിക്കൊണ്ടും പ്രണാമം ചെയ്തുകൊണ്ടുമാണ് അവർ വാഴുന്നത്. എന്നിരിക്കെ അല്ലാഹുവിന്റെ നിശ്ചയത്തിനെതിരെ അവർക്കെങ്ങനെയാണ് നിങ്ങൾക്കുവേണ്ടി ശിപാർശ ചെയ്യാനോ രക്ഷകരാകാനോ കഴിയുക?!

സജദതുത്തിലാവഃ (പാരായണ പ്രണാമം) നിർദേശിക്കപ്പെട്ട സന്ദർഭങ്ങളിലൊന്നായി ചിലർ ഈ സൂക്തത്തെ എണ്ണിയിരിക്കുന്നു. ഈ സൂക്തം പാരായണം ചെയ്യുമ്പോൾ പാരായകനും ശ്രോതാക്കളും സുജൂദ് ചെയ്യേണ്ടതാണ്. നമസ്കാരത്തിലെ സുജൂദ് പോലെത്തന്നെയാണ് തിലാവ(പാരായണ)ത്തിന്റെ സുജൂദ്. പാരായണ സുജൂദ് ചെയ്യുന്നയാൾക്ക് വുദൂ ഉണ്ടായിരിക്കണം. സുജൂദിലേക്ക് പോകുമ്പോഴും അതിൽനിന്നുയരുമ്പോഴും തക്ബീർ ചൊല്ലേണ്ടതാണെന്നും ശാഫിഈ, അഹ്മദുബ്നു ഹമ്പൽ, ഇസ്ഹാഖുബ്നു റാഹവൈഹി തുടങ്ങിയ ഇമാമുമാർ നിർദേശിച്ചിരിക്കുന്നു. നമസ്കാരത്തിലാണെങ്കിലേ ഈ തക്ബീർ വേണ്ടതുള്ളൂ എന്നാണ് ഇമാം മാലികിന്റെ വീക്ഷണം. തിലാവത്തിന്റെ സുജൂദിൽ ചൊല്ലുന്നതിനുള്ള വിവിധ ദിക്റുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഒന്ന് ഇങ്ങനെ:

سَجَدَ وَجْهِي لِلَّذِي خَلَقَهُ وَشَقَّ سَمْعَهُ وَبَصَرَهُ بِحَوْلِهِ وَقُوَّتِهِ فَتَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ

(എന്റെ മുഖം, ആരാണോ തന്റെ കഴിവുകൊണ്ടും ശക്തികൊണ്ടും അതിനെ സൃഷ്ടിക്കുകയും അതിൽ കാതും കണ്ണും കീറുകയും ചെയ്തത് അവന്ന് പ്രണാമം ചെയ്തിരിക്കുന്നു. അതിവിശിഷ്ടമായി സൃഷ്ടിക്കുന്ന അല്ലാഹു എന്തുമാത്രം അനുഗ്രഹമുടയവൻ!).

സുജൂദിൽനിന്ന് വിരമിച്ചാൽ സലാം ചൊല്ലണമെന്നും ശാഫിഈ പണ്ഡിതന്മാർ നിർദേശിച്ചിരിക്കുന്നു.

സുജൂദ് പരാമർശിക്കുന്ന ആയത്തുകളോതുമ്പോഴും കേൾക്കുമ്പോഴും തിലാവത്തുസ്സുജൂദ് ചെയ്യേണ്ടത് നിർബന്ധമാണെന്നാണ് ഇമാം അബൂഹനീഫയുടെ നിലപാട്. മറ്റു പണ്ഡിതന്മാർ അതിനെ സുന്നത്ത് (ഐച്ഛികകർമം) ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഖുർആൻ പാരായണം ചെയ്യുന്നത് നമസ്കാരത്തിലായാലും സുജൂദുത്തിലാവഃ സുന്നത്താണെന്നാണ് ഫുഖഹാഇന്റെ പൊതുവായ അഭിപ്രായം. സുന്നത്ത് നമസ്കാരത്തിലാണെങ്കിൽ സുജൂദ് ആവാം, ഫർദ് നമസ്കാരത്തിൽ പാടില്ല എന്നൊരു ഭിന്നാഭിപ്രായം ഇമാം മാലികിൽനിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. രണ്ടു ന്യായങ്ങളാണ് അദ്ദേഹം അതിന് ഉന്നയിച്ചിട്ടുള്ളത്: 1) ഫർദ് നമസ്കാരത്തിലെ സുജൂദുകൾ സുനിശ്ചിതമാണ്. തിലാവത്തിന്റെ സുജൂദ് അതിൽ വർധനവുണ്ടാക്കലാകും. 2) ജമാഅത്തായുള്ള നമസ്കാരങ്ങളിൽ അത് ക്രമക്കേട് ഉണ്ടാക്കാനിടയുണ്ട്.

**الحمدلله الّذى وفقنى لإتمام تنوير سورة الأعراف**

■